(സി) അല്ല. താല്ക്കാലിക ഒഴിവുകളിലെ നിയമനങ്ങൾ സി.എൻ.വി. ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ പാടുള്ളുവെന്ന് എല്ലാ വകുപ്പു മേധാവികൾക്കും നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഓൺലൈൻ തൊഴിൽ സഹായം

69 [523] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസമുള്ള തൊഴിലന്വേഷകർക്ക് ഓൺലൈൻ തൊഴിൽ സഹായം നൽകുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി ഉദ്യോഗാർത്ഥികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഓൺലൈൻ തൊഴിൽ സഹായവിവരം ദിനപത്രങ്ങളിൽക്കൂടി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസം നേടിയ തൊഴിൽ അന്വേഷകർക്ക് ഓൺലൈൻ തൊഴിൽ സഹായം ലഭ്യമാക്കുന്ന നൂതന പദ്ധതിയായ ഇലക്ട്രോണിക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് സ്വകാര്യ ഉദ്യോഗദായകർ അറിയിക്കുന്ന ഒഴിവുകളിൽ നിയമനത്തിന് വഴിയൊരുക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി ഒരു വെബ്സൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. http://employment.kerala.nic.in എന്നാണ് വെബ്സൈറ്റിന്റെ പേര്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ പ്രൊഫഷണൽ ബിരുദക്കാരും രണ്ടാം ക്ലാസ്സിൽ കുറയാത്ത ബിരുദാനന്തര ബിരുദക്കാരും ബിരുദാനന്തര ഡിപ്ലോമക്കാരും ഉൾപ്പെടെ 60000-ത്തോളം പേരുടെ ഡാറ്റാ ബാങ്ക് ആണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ എല്ലാ പ്രമുഖ ദിനപത്രങ്ങൾ വഴിയും ദൃശ്യമാദ്ധ്യമങ്ങൾ വഴിയും പ്രസിദ്ധീകരണത്തിന് നല്കിയിട്ടുണ്ട്. ഓൺലൈൻ വഴിയുള്ള തൊഴിൽ സഹായം ലഭ്യമാണെന്നുള്ള വിവരം ദൃശ്യമാദ്ധ്യമങ്ങൾ വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly